19/07/2025

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


**Chief Editor:** SINDHU. KS    **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/07/2025

1. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വനം വകുപ്പ് നൽകുന്ന വനമിത്ര അവാർഡിന് അപേക്ഷ ക്ഷണിച്ചു. അതത് പ്രദേശങ്ങളിൽ ജൈവവൈവിധ്യം നിലനിർത്തുന്നതിന് വിവിധ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ച് പരിപാലിക്കുന്നവർക്കും കാവുകൾ, കണ്ടൽക്കാടുകൾ, ഔഷധ സസ്യങ്ങൾ, കൃഷി തുടങ്ങിയ ജൈവവൈവിധ്യ രംഗങ്ങളിൽ മികച്ച സംഭാവനകൾ നൽകിയവർക്കുമാണ് 25,000 രൂപയും ഫലകവുമടങ്ങിയ അവാർഡ് സമ്മാനിക്കുക. വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കൃഷിക്കാർ എന്നിവർക്ക് അപേക്ഷിക്കാം. അവാർഡിനുള്ള അർഹത സാധൂകരിക്കുന്ന കുറിപ്പും വിശദവിവരങ്ങളും ഫോട്ടോയും സഹിതം കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി വിഭാഗം അസി. ഫോറസ്റ്റ് കൺസർവേറ്റർ (വനശ്രീ), അരക്കിണർ പി.ഒ, മാത്തോട്ടം എന്ന വിലാസത്തിൽ ആഗസ്റ്റ് 11ന് വൈകുന്നേരം 5 മണിക്ക് മുമ്പായി സമർപ്പിക്കണം. ഫോൺ: 0495 2416900.

2. ഫിഷറീസ് വകുപ്പ് സാഫ് മുഖേന മത്സ്യതൊഴിലാളി വനിതകൾ അടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) കളിൽ നിന്നും പലിശരഹിത വായ്പ ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. മത്സ്യ മേഖലയിൽ തൊഴിൽ ചെയ്യുന്നവരും എഫ്.എഫ്.ആറിൽ ഉൾപ്പെട്ടവരുമാകണം. മത്സ്യകച്ചവടം ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മുൻഗണന. പീലിംഗ്, മത്സ്യം ഉണക്കൽ, സംസ്കരണം എന്നീ തൊഴിലിൽ ഏർപ്പെട്ടവർക്കും അപേക്ഷിക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒന്നാംഘട്ടമായി ഒരംഗത്തിന് 10,000 രൂപയും ഗ്രൂപ്പിന് 50,000 രൂപയുമാണ് പലിശ രഹിത വായ്പയായി അനുവദിക്കുന്നത്. ജില്ലയിലെ മത്സ്യഭവനുകൾ, ശക്തികുളങ്ങര സാഫ് നോഡൽ ഓഫീസ്, www.safkerala.org യിൽ അപേക്ഷ ലഭിക്കും. അവസാന തീയതി ജൂലൈ 21. ഫോൺ നമ്പർ : 9495681198, 8547783211.

3. ക്ഷീര വികസന വകുപ്പ് വാർഷിക പദ്ധതി 2025 - 2026 ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നു. പുൽകൃഷി വികസനം, മിൽക്ക്ഷെഡ് വികസനം, ഡയറിഫാം, ഹൈജീൻ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി തുടങ്ങിയവയ്ക്ക് ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം. ksheerasree.Kerala.gov.in എന്ന പോർട്ടലിലൂടെ അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബ്ലോക്ക്തലത്തിൽ പ്രവർത്തിക്കുന്ന ക്ഷീര വികസന യൂണിറ്റുമായി ബന്ധപ്പെടേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം നാളെയാണ്.

## പരിശീലന പരിപാടി

1. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി "ശാസ്ത്രീയ പശു പരിപാലനം" എന്ന വിഷയത്തെ ആസ്പദമാക്കി 21.07.2025 മുതൽ 26.07.2025 വരെ രണ്ട്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447305100, 9496332048 04734299669, 8304949553 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്യോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. കണ്ണൂർ കക്കാട് റോഡിൽ ജില്ലാ ഹോമിയോ ആശുപത്രിക്ക് സമീപം പ്രവർത്തിക്കുന്ന മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് "പന്നി വളർത്തൽ" എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ പരിശീലന ക്ലാസ് 2025 ജൂലൈ 22, 23 തീയതികളിൽ നടത്തപ്പെടുന്നു. (രാവിലെ 10.15 മുതൽ വൈകുന്നേരം 5.00 മണി വരെ) നടത്തപ്പെടുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 21.07.2025-ന് വൈകുന്നേരം 4.00 മണിക്ക് മുമ്പായി പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്ന ആദ്യത്തെ 50 പേർക്ക് മാത്രമേ ക്ലാസ്സിൽ പ്രവേശനമുണ്ടായിരിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ നം.04972763473.

3. എറണാകുളം ജില്ലയിലെ ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 23/07/2025 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ആട് വളർത്തൽ പരിശീലന പരിപാടികൾ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തപ്പെടുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താത്പര്യമുള്ളവർ 9495026103 എന്ന നമ്പറിൽ ഓഫീസ് സമയങ്ങളിൽ (രാവിലെ 10.15 മുതൽ വൈകിട്ട് 5.15 വരെ) വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി 21/07/2025.

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "IOT Concepts in Agriculture" എന്ന വിഷയത്തിൽ സൌജന്യ ഓൺലൈൻ ഹ്രസ്വ കോഴ്സിലെ പുതിയ ബാച്ച് 2025 ജൂലൈ 21 ന് ആരംഭിക്കുന്നു. 24 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും ഇംഗ്ലീഷിലാണ് പരിശീലിപ്പിക്കുന്നത്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Defaulteng.aspx എന്ന ലിങ്ക് ഉപയോഗിച്ച് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ മേൽ പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. കോഴ്സിന് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി നാളെയാണ്.

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 1. കാർഷിക നിർദേശം

നീർവാർച്ചയുള്ളതും വളക്കൂറുമുള്ള പശിമരാശി മണ്ണാണ് പച്ചക്കറി കൃഷിയ്ക്ക് ഉചിതമായിട്ടുള്ളത്. മണൽ മണ്ണാണെങ്കിൽ ജൈവവളം കൂടുതലായി ചേർക്കണം. വെള്ളവും വെളിച്ചവും കിട്ടുന്ന സ്ഥലമാണ് പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യം. നമ്മുടെ വീട്ടു വളപ്പിൽ തണലില്ലാത്ത സ്ഥലം ലഭിക്കുക അത്ര എളുപ്പമല്ലാത്തതിനാൽ ഏറ്റവും കൂടുതൽ സൂര്യ പ്രകാശം ലഭിക്കുന്ന സ്ഥലം പച്ചക്കറി കൃഷിയ്ക്കായി തെരഞ്ഞെടുക്കണം. നല്ല വിളവ് തരുന്ന രോഗപ്രതിരോധശേഷിയുള്ള പച്ചക്കറിയിനങ്ങൾ നടാനായി തെരഞ്ഞെടുക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം